# Malayala Manorama
# 30 August 2018
# Kalapara;After Flood, Landslide

## പഠനം ഇനിയവർക്ക് അതിജീവന പാഠം

ഉരുൾപൊട്ടലിൽ മരിച്ച റസാഖിന്റെയും സീനത്തിന്റെയും മക്കൾ ഇന്നലെ സ്കൂളിലെത്തി




മാനന്തവാടി മക്കിമലയിലുണ്ടായ ഉരുൾപൊട്ടലിൽ മരിച്ച റസാഖിന്റെയും സീനത്തിന്റെയും ഇളയമക്കളായ റജിനാസ്, മുഹമ്മദ് റിഷാൽ എന്നിവരുമൊത്ത് മൂത്ത പുത്രൻ മുഹമ്മദ് റജ്മൽ സ്കൂൾ തുറന്ന ദിവസം തലപ്പുഴ ജിഎച്ച്എസ്എസിലെത്തിയപ്പോൾ.
ചിത്രം : റസൽ ഷാഹുൽ ● മനോരമ

കൽപറ്റ ● വേദനയുടെ ദിനങ്ങൾക്കു താൽക്കാലിക വിരാമമിട്ട് റജിനാസും മുഹമ്മദ് റിഷാലും സ്കൂളിലെത്തി, ഒറ്റരാത്രികൊണ്ടു കൈവിട്ടുപോയ ജീവിതം തിരികെ പിടിക്കാൻ. മക്കിമലയിലുണ്ടായ ഉരുൾപൊട്ടലിൽ മരിച്ച റസാഖിന്റെയും സീനത്തിന്റെയും മക്കൾക്ക് ഇനി വിദ്യാഭ്യാസം അതിജീവനത്തിനുള്ള പോരാട്ടം കൂടിയാണ്. തലപ്പുഴ ജിഎച്ച്എസ്എസിലെ പത്താം ക്ലാസ് വിദ്യാർഥിയായ റജിനാസും ഏഴാം ക്ലാസുകാരൻ മുഹമ്മദ് റിഷാലും മാനന്തവാടി സെന്റ് മേരീസ് കോളജിൽ ഡിഗ്രിക്കു പഠിക്കുന്ന മൂത്ത സഹോദരൻ മുഹമ്മദ് റജ്മലിനൊപ്പമാണ് സ്കൂളിലെത്തിയത്. പ്രളയം അനാഥരാക്കിയ ഇവരുടെ ജീവിതം പതിയെ സാധാരണ നിലയിലേക്കു മടങ്ങുകയാണ്.

വയനാട് സന്ദർശിക്കുമെന്ന് അറിയിച്ചിരുന്ന കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധിയെ കാണാനാണ് ഇവർ ഇന്നലെ രാവിലെ ഒരുങ്ങിയിരുന്നത്. എന്നാൽ, അദ്ദേഹത്തിന്റെ സന്ദർശനം മോശം കാലാവസ്ഥ മൂലം റദ്ദാക്കിയെന്നു കേട്ടതോടെ കുട്ടികൾ സ്കൂളിലേക്കു യാത്രയായി. എല്ലാമറിയുന്ന സഹപാഠികൾ ചേർത്തുപിടിച്ചതോടെ സൗഹൃദത്തിന്റെ ലോകത്ത് അവർ ഒറ്റപ്പെടലിന്റെ വേദന മറന്നു.

ഇരുളിലെത്തിയ വൻ ദുരന്തം മാതാപിതാക്കളെ അപഹരിച്ചപ്പോൾ കുട്ടികൾ മാത്രമാണ് ബാക്കിയായത്. മരണത്തിൽ നിന്ന് ഓടിയകന്ന ഇവർ അയൽപക്കത്തെ ഊരകത്തിൽ ഉണ്ണിക്കൃഷ്ണന്റെ വീട്ടിൽ എത്തി വിവരം പറയുകയായിരുന്നു. അപ്പോഴേക്കും മരണത്തിന്റെ ആഴങ്ങളിലേക്കു റസാഖും സീനത്തും പോയിരുന്നു.

പുതിയിടം കുസുമഗിരി സ്കൂളിൽ പ്രവർത്തിച്ച ദുരിതാശ്വാസ ക്യാംപിലായിരുന്നു കുട്ടികൾ ആദ്യം. പെരുന്നാളിനു മുൻപ് ബന്ധുക്കളെത്തി ഇവരെ വീടുകളിലേക്കു കൊണ്ടുപോയി.